"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയഭരണ വകുപ്പ്-കോഴിക്കോട് നഗരസഭയിൽ ഹെൽത്ത് ഓഫീസർ ഗ്രേഡ് III തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ഡോ.രത്നാവതിയുടെ ഹെൽത്ത് ഓഫീസർ ഗ്രേഡ് III തസ്തികയിലെ നിരീക്ഷണകാലം പൂർത്തീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.2267/2025/LSGD തീയതി,തിരുവനന്തപുരം, 20-09-2025

---

പരാമർശം:- 1. സ.ഉ (സാധാ)നം. 1366/2025/LSGD തീയതി 02.06.2025

2. പ്രിൻസിപ്പൽ ഡയറക്ടറുടെ 27.08.2025 തീയതിയിലെ LSGD/PD/9347/2024-DEH2 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കോഴിക്കോട് നഗരസഭയിൽ ഹെൽത്ത് ഓഫീസർ ഗ്രേഡ് III (അലോപ്പതി) തസ്തികയിൽ 15.12.2010 മുതൽ 04.01.2019 വരെ സേവനമനുഷ്ഠിച്ചിരുന്നതും, നിലവിൽ ഹെൽത്ത് സർവ്വീസിൽ അസിസ്റ്റന്റ് സർജൻ തസ്തികയിൽ സേവനമനുഷ്ഠിക്കുന്നതുമായ ഡോ.രത്നാവതി-യുടെ ഹെൽത്ത് ഓഫീസർ ഗ്രേഡ് III തസ്തികയിലെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിലേക്കായി പരാമർശം (2) പ്രകാരം തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ അപേക്ഷ സമർപ്പിച്ചിരുന്നു. നിരീക്ഷണ കാലയളവിൽ ആകസ്മിക അവധി അല്ലാതെ മറ്റ് അവധികളൊന്നും എടുത്തിട്ടില്ല എന്നും, ടി കാലയളവിൽ ടിയാന്റെ ജോലിയും സ്വഭാവും തൃപ്തികരമായിരുന്നു എന്നും, ടിയാളുടെ പേരിൽ വിജിലൻസ് കേസുകളോ മറ്റ് വകുപ്പുതല അച്ചടക്കനടപടികളോ നിലവിലില്ലാത്തതാണെന്നും പ്രിൻസിപ്പൽ ഡയറക്ടർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

2) കോഴിക്കോട് നഗരസഭയിൽ ഹെൽത്ത് ഓഫീസർ ഗ്രേഡ് III തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ഡോ.രത്നാവതിയുടെ ഹെൽത്ത് ഓഫീസർ ഗ്രേഡ് III തസ്തികയിലെ നിയമനം 15.12.2010 പൂർവ്വാഹ്നം പ്രാബല്യത്തിൽ സർവ്വീസ് റഗുലറൈസ് ചെയ്ത് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. 15.12.2010 പൂർവാഹ്നം തീയതിയിൽ സേവനത്തിൽ പ്രവേശിച്ച ഡോ.രത്നാവതി-യുടെ പ്രൊബേഷൻ കാലയളവായ 2 വർഷം 14.12.2012 ൽ പൂർത്തിയായിട്ടുള്ളതാണ്. എന്നാൽ ടിയാൾ Account test for Executive Officers പാസായിട്ടുള്ളത് 2017 ജൂലായിൽ നടന്ന വകുപ്പ് തല പരീക്ഷയിലാണ്. 2017 ജൂലായിലെ പരീക്ഷയിൽ Account test for Executive Officers ടെസ്റ്റിലെ അവസാന പരീക്ഷ നടന്നത് 02.08.2017 തീയതിയിലാണ്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഡോ.രത്നാവതി.എൻ-ന്റെ ഹെൽത്ത് ഓഫീസർ ഗ്രേഡ് III തസ്തികയിലെ നിരീക്ഷണകാലം, കെ.എസ്.&എസ്.എസ്.ആർ, Part II ചട്ടം 21 പ്രകാരം 15.12.2012 മുതൽ 04.08.2017 വരെ ദീർഘിപ്പിച്ച് നൽകി, ടിയാൾ നിർബന്ധിത

വകുപ്പ്തല പരീക്ഷയായ Account test for Executive Officers വിജയിച്ചിട്ടുള്ളത് 02.8.2017 ൽ ആകയാൽ, കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവീസ് ചട്ടങ്ങളിലെ ജനറൽ റൂളിലെ ചട്ടം 20(ബി) പ്രകാരം ടിയാളുടെ ടി തസ്തികയിലെ നിരീക്ഷണകാലം 03.08.2017 പൂർവ്വാഹം പ്രാബല്യത്തിൽ തൃപ്തികരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/(ആഡിറ്റ്), തൃശ്ശൂർ
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം,തിരുവനന്തപുരം
ഡോ.രത്നാവതി (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപൂരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 20-09-2025 11:22:36
സെക്ഷൻ ഓഫീസർ